[ശ്രീ. എം. നാരായണക്കുറുപ്പ്]

ക്കണമെന്ന പ്രത്യേകം അഭ്യർത്ഥിക്കുന്നു. മുൻപുണ്ടായിരുന്ന നിയമം ആലോചനയിൽ ഇരുന്ന ഘട്ടത്തിൽ ഇതുസംബന്ധിച്ച് കമ്മിറ്റിയുടെ മുമ്പിലും, എല്ലാം ആനുകൂല്യങ്ങളും ലഭിക്കണമെന്നുള്ള ആവശ്യം ഉന്നയിച്ചിരുന്നു. അത്തരത്തിലുള്ള കുഴപ്പങ്ങൾ കൂടാതെ ഈ ബിൽ നിയമസഭയിൽ പാസ്സാക്കുന്നതു നന്നായിരിക്കും. ഇനിയും ഇതിനു തടസ്സം ഉണ്ടാകുകയില്ലെന്നു ഞാൻ പ്രത്യാശിക്കുന്നു.

ശ്രീ. കെ. കെ. വിശ്വനാഥൻ : സർ, ഇതിന്റെ കൺസിഡറേഷൻ വേറൊരു ദിവസത്തേയ്ക്ക് മാറ്റിവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതിലേക്ക് പല മെമ്പറന്മാരുടേയും റെപ്രസെന്റേഷൻ കിട്ടിയിട്ടുണ്ട്. മാത്രവുമല്ല ഇതു നോക്കുന്നതിനുള്ള സാവകാശവും ലഭിച്ചിട്ടില്ല. ഇന്ന് ഇതു പരിഗണനയ്ക്കു വരുമെന്നുള്ള പ്രതീക്ഷയ്ക്ക് സാധാരണഗതിയിൽ ന്യായവുമില്ലല്ലോ ? അതുകൊണ്ട് ഇതിന്റെ ഡിസ്കഷൻ വേറൊരു ദിവസത്തേക്ക് മാറ്റണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. എ. തൊമ്മൻ : ബഹുമാനപ്പെട്ട വിശ്വനാഥന്റെ അഭിപ്രായത്തോട് ഞാനും യോജിക്കുകയാണ്. ഇതിനു മുമ്പ് വളരെയധികം തർക്കവിഷയമായ ഒരു സംഗതിയാണ് ഈ ബില്ലിലെ വ്യവസ്ഥ. കഴിഞ്ഞ പ്രാവശ്യം നിയമസഭ കൂടി ഇതുപോലൊരു ബിൽ സെലക്ട് കമ്മിറ്റിക്കയച്ചു. സെലക്ട് കമ്മിറ്റി റിപ്പോർട്ട് യിയമസഭ സമ്മതിച്ചില്ല. അതിന്റെ ഫലമായി വീണ്ടും ഒരു സെലക്ട് കമ്മിറ്റിയുടെ മുമ്പാകെ ഈ ബിൽ അയയ്ക്കുകയും ആ സെലക്ട് കമ്മിറ്റി കൂടി ആലോചിച്ച് അവരുടെ റിപ്പോർട്ടോടുകൂടിയ പുതിയ ബില്ലായി നിയമസഭയിൽ രണ്ടാമതും അവതരിപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ സെലക്ട് കമ്മിറ്റി റിപ്പോർട്ടോടുകൂടിയ ബിൽ പിൻവലിക്കുകയുമാണ് ഉണ്ടായതു. വളരെയധികം തർക്കവിഷയമുള്ള ഒരു ബില്ലാണ്; ഇതു. മാത്രവുമല്ല ഈ ബില്ലിലെ വ്യവസ്ഥകൾ വേണ്ടതുപോലെ നോക്കാനും കഴിഞ്ഞിട്ടില്ല. ഇന്ന് ഇതു ഇവിടെ ചർച്ചയ്ക്കു വരുമെന്ന ന്യായമായി പ്രതീക്ഷിക്കുവാനും ഇടയില്ല. അതുകൊണ്ട് ഇതിന്റെ ഡിസ്കഷൻ പിന്നീടൊരു ദിവസത്തേക്ക് മാറ്റിവയ്ക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു.

Shri M. P. Govindan Nair : I have no objection in postponing the discussion.

Deputy Speaker : I hope the House agrees.

(The House signified its assent.)

The consideration of the Bill was postponed.

THE KERALA FRUIT NURSERIES BILL, 1963

Minister for Food and Agriculture (**Shri E P. Poulose**): The introduction of the Kerala Fruit Nurseries Bill, 1963 may also be postponed.

Deputy Speaker: The introduction of the Bill is postponed.

THE KERALA PUBLIC SERVICE COMMISSION (ADDITIONAL FUNCTIONS AS RESPECTS THE SERVICES OF LOCAL AUTHORITIES) BILL, 1963.

Minister for Industries and Local Administration (**Shri K. A. Damodara Menon**) : Sir, I introduce the Kerala Public Service Commission (Additional Functions as Respects the Services of Local Authorities) Bill, 1963.

Deputy Speaker : The Bill stands introduced.

LIBRARY ARCHIVES Kerala Legislative Assembly